18335
19/8/17

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസ് പ്രോജക്റ്റിലും കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസിലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചുകൊണ്ടും ശ്രീമതി. ചന്ദ്രി.ടി.എൻ, ശ്രീമതി.വിജയലക്ഷ്മി.എൻ.എസ്. എന്നിവരെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (**കൈ**) നം.**36/2017**/സാ.നീ.വ. തീയതി, തിരുവനന്തപുരം, **17.08.2017.**

പരാമർശം:
1) സ.ഉ (പി) 501/05/ധന തീയതി 25.11.2005.
2) സർക്കുലർ നമ്പർ 19/16/ധന തീയതി 05.03.2016.
3) സാമൂഹ്യ നീതി ഡയറക്ടറുടെ 01.09.2014, 03.01.2017 തീയതികളിലെ ഇ 10-24151/14 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സാമൂഹ്യ നീതി വകുപ്പിൻ കീഴിലുള്ള കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസ് പ്രോജക്റ്റിലും കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസിലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും ടി കാര്യാലയങ്ങളിൽ യഥാക്രമം 01.12.2003, 12.12.2005 മുതൽ കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വരുന്ന ശ്രീമതി. ചന്ദ്രി.ടി.എൻ, ശ്രീമതി.വിജയലക്ഷ്മി.എൻ.എസ് എന്നിവരെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനും പരാമർശം (3) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസ് പ്രോജക്റ്റിലും കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസിലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചുകൊണ്ടും ടി കാര്യാലയങ്ങളിൽ യഥാക്രമം 01.12.2003, 12.12.2005 മുതൽ കാഷ്വൽ സ്വീപ്പർമാരായി ജോലി ചെയ്തു വരുന്ന ശ്രീമതി. ചന്ദ്രി.ടി.എൻ, ശ്രീമതി.വിജയലക്ഷ്മി.എൻ.എസ്. എന്നിവരുടെ സേവനം ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**മിനി ആന്റണി ഐ.എ.എസ്,**
**സ്പെഷ്യൽ സെക്രട്ടറി.**

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WW1/149/2014/ധന തീയതി 10.05.2017 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 09-08-2017

ഫയൽ നം.എ1/154/2016/സാ.നീ.വ. ഇനം നം: 1326

വിഷയം : സാമൂഹ്യനീതി വകുപ്പ് - കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസ്. പ്രോജക്ടിലും കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസിലും പാർട്ട്-ടൈം-സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതും ടി കാര്യാലയങ്ങളിൽ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി ചന്ദ്രി റ്റി.എൻ., ശ്രീമതി വിജയലക്ഷ്മി എന്നിവരെ സ്ഥിരപ്പെടുത്തുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

1326

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എ 1/154/2016-സാ.നീ.വ. |
| 2 | വകുപ്പ് | സാമൂഹ്യനീതി (എ) വകുപ്പ് |
| 3 | വിഷയം | കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസ്. പ്രോജക്ടിലും കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസിലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതും ടി കാര്യാലയങ്ങളിൽ കാഷ്വൽ സ്വീപ്പർമാരായ ശ്രീമതി.ചന്ദ്രി.റ്റി.എൻ, ശ്രീമതി.വിജയലക്ഷ്മി എന്നിവരെ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16.06.2017 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br><br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ലീലാമണി. കെ. എം. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി. മിനി ആന്റണി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.08.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 03.08.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്ക് കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.08.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05.08.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിലും കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസിലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതും പ്രസ്തുത തസ്തികയിൽ, കാഷ്വൽ സ്വീപ്പറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.ചന്ദ്രി.റ്റി.എൻ, ശ്രീമതി.വിജയലക്ഷ്മി.എൻ.എസ് എന്നിവരെ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) സാമൂഹ്യ നീതി വകുപ്പിൻ കീഴിലുള്ള കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസ്. പ്രൊജക്ട് ഓഫീസിലും (188.24 m$^2$ സ്വീപ്പിംഗ് ഏരിയ) കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസിലും (108.35 m$^2$ സ്വീപ്പിംഗ് ഏരിയ) ₹ 4250-6700 ശമ്പള സ്കെയിലിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും യഥാക്രമം 01.12.2003, 12.12.2005 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നതുമായ ശ്രീമതി.റ്റി.എൻ.ചന്ദ്രി, ശ്രീമതി.എൻ.എസ്.വിജയലക്ഷ്മി എന്നിവരെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുമുള്ള പ്രൊപ്പോസൽ സാമൂഹ്യ നീതി ഡയറക്ടർ സർക്കാരിൽ 01.09.2014 ന് സമർപ്പിക്കുകയുണ്ടായി.

3) 25.11.2015 ലെ സ.ഉ (പി) 501/2005/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിലധികം സ്വീപ്പിംഗ് ഏരിയയുള്ള സർക്കാർ ഓഫീസുകളിൽ ഒരു പാർട്ട്ടൈം തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറെ പ്രസ്തുത തസ്തികയിൽ സർക്കാർ അനുമതിയോടെ ക്രമവൽക്കരിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ 05.03.2016 ലെ 19/2016/ധന. പ്രകാരം 05.03.2016 ന് ശേഷം ഇത്തരത്തിൽ കാഷ്വൽ സ്വീപ്പർമാരെ ക്രമവൽക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒരു കാരണവശാലും പരിഗണിക്കേണ്ടതില്ലെന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

4) മേൽ വിഷയം സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെപ്പറയും പ്രകാരമാണ്.

> *"തൂണേരി ഐ.സി.ഡി.എസ്. പ്രോജക്ടിലും കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസിലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും, ടി കാര്യാലയങ്ങളിൽ യഥാക്രമം 01.12.2003, 12.12.2005 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കിവരുന്നതുമായ ശ്രീമതി.ചന്ദ്രി.റ്റി.എൻ, ശ്രീമതി.വിജയലക്ഷ്മി എന്നിവരെ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിനും അനുമതി നൽകുന്നു".*

5)      പാർട്ട്ടൈം സ്വീപ്പറുടെ തസ്തിക സൃഷ്ടിക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 01.09.2014 ന് ആയതിനാലും ശ്രീമതി. ചന്ദ്രി.റ്റി.എൻ 01.12.2003 മുതലും ശ്രീമതി. വിജയലക്ഷ്മി.എൻ.എസ് 12.12.2005 മുതലും കാഷ്വൽ സ്വീപ്പർ തസ്തികയിൽ പ്രസ്തുത ഓഫീസുകളിൽ പ്രവർത്തിച്ചുവരുന്നതിനാലും ഇത് ഒരു പ്രത്യേക കേസായി പരിഗണിക്കാവുന്നതാണ്.

6)      ഈ വിഷയം മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസ്. പ്രോജക്ടിലും കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസിലും ₹ 4250-6700 ശമ്പള സ്കെയിലിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി കാര്യാലയങ്ങളിൽ യഥാക്രമം 01.12.2003, 12.12.2005 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കിവരുന്നതുമായ ശ്രീമതി. ചന്ദ്രി.റ്റി.എൻ, ശ്രീമതി.വിജയലക്ഷ്മി.എൻ.എസ്. എന്നിവരെ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പ്രസ്തുത തസ്തികയിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്താമോ ?

GOVERNMENT OF KERALA

**(Sri. Pinarayi Vijayan Ministry)**

Note for Council of Ministers

| | | |
|---|---|---|
| 1. | File No. | A1/154/2016-SJD |
| 2. | Department | Social Justice (A) Department |
| 3. | Subject | Creation of post of Part Time Sweeper in the ICDS Project, Thooneri in Kozhikode and District Social Justice Office, Kottayam and regularising the service of Smt. Chandri.T.N and Smt.Vijayalakshmi.N.S. Casual Sweeper in that post respectively – Regarding. |
| 4. | Date of Chief Minister's order for placing before the Council | 16.06.2017 |
| 5. | i Does the case involve financial commitments/implications<br>ii If the answer to the above is in affirmative, whether Finance Department been consulted and their remarks incorporated in the Council Note? | Yes<br>Yes |
| 6. | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7. | Name of Additional Secretary who submitted the Draft Note | Smt. Leelamani. K.M |
| 8. | Name of Secretary who approved the Draft Note | Smt. Mini Antony |
| 9. | Date of approval of the Draft Note for the Council by the Secretary | 03.08.2017 |
| 10. | Name of Chief Secretary who approved the Draft Note | Smt. Nalini Netto |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 03.08.2017 |
| 12. | Name the Minister who approved the Draft Note | Smt. K.K. Shailaja Teacher |
| 13. | Date of approval of the Draft Note for the Council by the Minister. | 04.08.2017 |
| 14. | Date of submission of fair copies | 05.08.2017 |
| 15. | Date of decision by the Council of Ministers | |
| 16. | Number and date of the G.O/letter communicating the decision | |

## Note for Council of Ministers

This note relates to the creation of post of Part Time Sweeper in ICDS Project Office, Thooneri in Kozhikode District and District Social Justice Office, Kottayam under the Social Justice Department and to regularise the service of the Casual Sweepers Smt.Chandri.T.N and Smt.Vijayalakshmi.N.S respectively as Part Time Sweepers.

2. The Director of Social Justice Department has submitted a detailed proposal on 01.09.2014 for creating a post of Part Time Sweeper in the ICDS Project Office, Thooneri (188.24 $m^2$ sweeping area) and in the District Social Justice Office, Kottayam (108.35 $m^2$ sweeping area) in the Scale of Pay of Rs.4250-6700 and to regularise the service of Smt.Chandri.T.N and Smt.Vijayalakshmi.N.S working as Casual Sweeper from 01.12.2003 and 12.12.2005 respectively.

3. As per G.O (P) No.501/2005/Fin dated 25.11.2005, Government have issued guidelines for regularising of the service of then existed Casual Sweepers in Government offices having a sweeping area of more than $100m^2$ by creating post of Part Time Sweeper. Vide Circular No.19/2016/Fin dated 05.03.2016, it was again instructed not to consider such proposal at any cost after 05.03.2016.

4. The remarks of the Finance Department in this regard is as follows.

> *"തൂണേരി ഐ.സി.ഡി.എസ്. പ്രോജക്ടിലും കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസിലും പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനും, ടി കാര്യാലയങ്ങളിൽ യഥാക്രമം 01.12.2003, 12.12.2005 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി നോക്കിവരുന്നതുമായ ശ്രീമതി.ചന്ദ്രി.റ്റി.എൻ, ശ്രീമതി.വിജയലക്ഷ്മി എന്നിവരെ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിനും അനുമതി നൽകുന്നു".*

5. As the Director of Social Justice had submitted the proposal for creation of the post of Part Time Sweeper on 01.09.2014 and also Smt.Chandri.T.N and Smt.Vijayalakshmi.N.S have been working as Casual Sweepers from 01.12.2003 and 12.12.2005 respectively in the above said offices, this may be considered as a Special Case.

6. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for Decision

Whether a post of Part Time Sweeper in the Scale of Pay of Rs.4250-6700 may be created in the ICDS Project Office, Thooneri in Kozhikode District and District Social Justice Office, Kottayam under the Social Justice Department and the service of Smt.Chandri.T.N and Smt.Vijayalakshmi.N.S working as Casual Sweeper in these offices from 01.12.2003 and 12.12.2005 respectively may be regularised in that post from the date of issuance of the Government Order as a special case.